പരിഷ്കരിച്ച് ക്ഷേമനിധി നിയമമാക്കുന്നതിന് കരട് ബിൽ തയ്യാറാക്കി സമർപ്പിക്കാൻ ലേബർ കമ്മിഷണറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ബിൽ നിയമം ആകുമ്പോൾ വർക്ഷോപ് തൊഴിലാളികൾക്കും പ്രസ്തുത ക്ഷേമനിധിയിൽ അംഗങ്ങളാകാവുന്നതാണ്.

(8) കേരള വാട്ടർ അതോറിറ്റിയുടെ ട്രേഡ് യൂണിയൻ നേതാക്കൾ സെക്രട്ടേറിയറ്റിനു മുമ്പിൽ നടത്തുന്ന നിരാഹാര സത്യാഗ്രഹം

[11. am.]

ശ്രീ. കെ.പി. രാജേന്ദ്രൻ : സർ, കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പളപരിഷ്കരണം സംബന്ധിച്ചാണ് ഈ സബ്മിഷൻ. കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് നീണ്ടുപോകുന്നതിൽ പ്രതിഷേധിച്ചുകൊണ്ട് സെക്രട്ടേറിയറ്റിനു മുമ്പിൽ തൊഴിലാളി സംയുക്ത സമരസമിതികളായ എ. ഐ.ടി.യു.സി., യു.ടി.യു.സി., എച്ച്.എം.എസ്., ഐ.എൻ.ടി.യു.സി. തുടങ്ങിയ സംഘടനകളുടെ നേതാക്കൾ അനിശ്ചിതകാല നിരാഹാരസത്യാഗ്രഹം തുടർന്നുവരികയാണ്. 1997 മാർച്ച് 31-ന് നിലവിലുള്ള കരാറിന്റെ കാലാവധി തീർന്നതാണ്. ഏപ്രിൽ മുതൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കേണ്ടതായിരുന്നു. ശമ്പള പരിഷ്കരണത്തിനുള്ള കമ്മിറ്റി രൂപീകരണംതന്നെ നീണ്ടുപോയി. രൂപീകരിച്ച കമ്മിറ്റി പ്രവർത്തിക്കാതെ വരികയും കമ്മിറ്റിയംഗങ്ങൾ ഒഴിഞ്ഞുപോവുകയും ചെയ്തതിനെത്തുടർന്ന് ഈ സഭയിൽത്തന്നെ അതു സംബന്ധിച്ച് ഒരു സബ്മിഷൻ ഉന്നയിച്ചിരുന്നതാണ്. അതിനുശേഷം ജലസേചനവകുപ്പു സെക്രട്ടറിയുടെ നേതൃത്വത്തിൽ രൂപീകരിച്ച മൂന്നംഗ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സർക്കാരിനു നൽകി. റിപ്പോർട്ടിലെ ശുപാർശകളെ സംബന്ധിച്ച് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി 5.5.1999-ന് ട്രേഡ് യൂണിയൻ നേതാക്കളുമായി ചർച്ച നടത്തിയിരുന്നു. തൊഴിലാളികൾക്ക് ദ്രോഹകരമായ ശുപാർശകൾ ഭേദഗതി ചെയ്യുന്നതിനും അന്നു തീരുമാനിച്ചിരുന്നതാണ്. എന്നാൽ മാസ്റ്റർ സ്കെയിൽ, ഇൻക്രിമെന്റ് റേറ്റിലെ വ്യത്യാസം ശമ്പള സ്കെയിൽ തുടങ്ങിയവയെല്ലാം വെട്ടിക്കുറച്ചുകൊണ്ടാണ് ഇപ്പോൾ ശമ്പള പരിഷ്കരണ റിപ്പോർട്ട് നടപ്പാക്കാൻ പോകുന്നത്, ഇത് അനീതിയാണ്. ജീവനക്കാരെ അവഹേളിക്കുന്നതും ദ്രോഹിക്കുന്നതുമായ നടപടിയാണ്. ട്രേഡ് യൂണിയൻ സംഘടനാ നേതാക്കളുമായി ചർച്ച ചെയ്ത് ബഹുമാനപ്പെട്ട മന്ത്രിയുണ്ടാക്കിയ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ശമ്പള പരിഷ്ക്കരണ റിപ്പോർട്ട് അടിയന്തിരമായി നടപ്പാക്കണമെന്നും, 1997 ഏപ്രിൽ മുതൽ ഈ ആനുകൂല്യങ്ങൾ ജീവനക്കാർക്ക് നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി.പി. രാമകൃഷ്ണപിള്ള) : കേരള വാട്ടർ അതോറിറ്റി ജീവനക്കാരുടെ സമരം ഇവിടെ ആരംഭിച്ചിട്ട് കുറേ ദിവസങ്ങളായി . വാട്ടർ അതോറിറ്റി ജീവനക്കാരുടെ ശമ്പള പരിഷ്കരണവും ബന്ധപ്പെട്ട കാര്യങ്ങളും പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കാൻ സർക്കാർ ഒരു കമ്മിറ്റിയെ നിയോഗിച്ചിരുന്നു. ആ കമ്മിറ്റിയുടെ റിപ്പോർട്ട് കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ സർക്കാരിനു കിട്ടിയിരുന്നുവെങ്കിലും കമ്മിറ്റിയുടെ ശുപാർശകൾ തൃപ്തികരമല്ലായെന്നുപറഞ്ഞ് അതോറിറ്റി ജീവനക്കാരുടെ മുപ്പത്തിമൂന്നോളം സംഘടനകൾ വാട്ടർ അതോറിറ്റിക്കു മുമ്പിലും സെക്രട്ടേറിയറ്റിനുമുമ്പിലും ധർണകളും പ്രതിഷേധപ്രകടനങ്ങളും നടത്തി. ആ റിപ്പോർട്ടിന്റെ കോപ്പി എല്ലാ സംഘടനകൾക്കും അയച്ചുകൊടുക്കുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും എഴുതിസമർപ്പിക്കാൻ അവസരം

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്തു. അതിനെത്തുടർന്ന് ജീവനക്കാരുടെ പ്രതിനിധികളുമായി മേയ്മാസം 4,5 തീയതികളിൽ ചർച്ച നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ ശമ്പള കമ്മിറ്റിയുടെ നിർദ്ദേശങ്ങളിൽ ചില ഭേദഗതികൾ കൂടി ഏർപ്പെടുത്തുകയും ചെയ്തു. ഇക്കാര്യത്തിൽ ധനകാര്യവകുപ്പിന്റെ അഭിപ്രായം കിട്ടേണ്ടതുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ പറഞ്ഞതുപോലെ വാട്ടർ അതോറിറ്റിയിലെ ഉദ്യോഗസ്ഥന്മാരും ഗവൺമെന്റും തമ്മിൽ കൂടിയാലോചിച്ചെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അവസാനമായി സ്വീകരിച്ച ചില നടപടികളെ സംബന്ധിച്ച് ഫിനാൻസ് ഡിപ്പാർട്ടുമെന്റിനോട് അഭിപ്രായം ചോദിച്ചിരുന്നു. പക്ഷെ ഇതെല്ലാം വെട്ടിക്കുറച്ചുവെന്ന ബഹുമാനപ്പെട്ട മെമ്പറുടെ അറിവ് ശരിയല്ല. എന്തായാലും ധനകാര്യവകുപ്പിന്റെ അഭിപ്രായം കിട്ടിയിട്ട് 24.6.1999-ൽ കൂടുന്ന മന്ത്രിസഭായോഗം ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(9) സഹകരണമേഖലയിലേയ്ക്കുള്ള നിയമനം പി.എസ്.സി.വഴി നടത്താൻ സാധിക്കാത്ത സാഹചര്യം

<u>ശ്രീ. കെ.സി. വേണുഗോപാൽ</u> : നമ്മുടെ നാട്ടിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളമുള്ള വളരെ ഗൗരവമായ പ്രശ്നമാണ് ഞാൻ ഈ സഭയിൽ ഉന്നയിക്കുന്നത്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളിലേയും, അപ്പെക്സ് സഹകരണ ബാങ്കുകളിലേയും നിയമനം ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് പി.എസ്.സി.ക്ക് വിട്ടത്. ധാരാളം ആക്ഷേപങ്ങളും അഴിമതിയാരോപണങ്ങളും ഉണ്ടായതിന്റെ വെളിച്ചത്തിലാണ് നിയമനം പി.എസ്.സി.ക്കു വിടാനുള്ള വിപ്ലവകരമായ തീരുമാനം അന്നത്തെ ഗവൺമെന്റ് എടുത്തത്. എന്നാൽ നാലു വർഷങ്ങളായി ഈ നിയമനങ്ങൾ നടക്കാതെ പതിനായിരക്കണക്കിന് ഒഴിവുകൾ നിലനിൽക്കുകയാണ്. പിൻവാതിൽ നിയമനമാണ് ഇപ്പോൾ നടക്കുന്നത്. സഹകരണസ്ഥാപനങ്ങളിൽ ധാരാളം ഒഴിവുകളുണ്ടായിട്ടും കഴിഞ്ഞ മുന്നുമൂന്നര വർഷക്കാലമായി ഗവൺമെന്റിന്റെ ഇച്ഛാശക്തിയില്ലായ്മ എന്നുള്ള ഒറ്റകാരണംകൊണ്ടുമാത്രം ഈ നിയമനങ്ങൾ നടക്കുന്നില്ല. സ്പെഷ്യൽ റൂൾസ് നൽകാൻ കാലതാമസം ഉണ്ടായതുകൊണ്ടാണ് കഴിഞ്ഞ രണ്ടുമൂന്നു വർഷക്കാലമായി നിയമനങ്ങൾ നടക്കാത്തത്. ഏറ്റവുമൊടുവിൽ, ഞാൻ മനസ്സിലാക്കുന്നത്, സഹകരണവകുപ്പുസെക്രട്ടറി പി.എസ്.സി.-ക്ക് നൽകിയിരിക്കുന്ന വിവാദപരമായ ഉത്തരവിനെ തുടർന്നാണ് ഈ നിയമനങ്ങൾ ഇപ്പോൾ പെന്റിംഗിലായി കിടക്കുന്നത് എന്നാണ്. കേരളത്തിലെ ചെറുപ്പക്കാരെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവമായ പ്രശ്നമാണ് തൊഴിലില്ലായ്മ. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള അവസരങ്ങൾപോലും നഷ്ടപ്പെടുന്ന സാഹചര്യമാണ് സർക്കാരിന്റെ അനാസ്ഥമൂലം ഉണ്ടായിരിക്കുന്നത്. നാലുവർഷക്കാലമായി പെന്റിംഗിലായ ഈ തസ്തികകളിൽ നിയമനം നടത്തി കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാർക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനാവശ്യമായ അടിയന്തിര നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. വിവാദപരമായ ഉത്തരവിറക്കിയ സഹകരണവകുപ്പ് സെക്രട്ടറിയോട് വിശദീകരണം ചോദിക്കാനും ഗവൺമെന്റ് തയ്യാറാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി (<u>ശ്രീ. എസ്. ശർമ്മ</u>) : സഹകരണ ആക്ടിലെ 80-ാം വകുപ്പ് ഭേദഗതി ചെയ്തുകൊണ്ട് സംസ്ഥാനത്തെ 15 അപ്പെക്സ് സഹകരണ സ്ഥാപനങ്ങളിലേയും 14 ജില്ലാ സഹകര

LIBRARY ARCHIVES Kerala Legislative Assembly